# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


**പി.ആർ.ഒ./39/246/2018** **2018 നവംബർ 17**

## എം.ജി. വാർത്താക്കുറിപ്പ്

---

### സീറ്റൊഴിവ്

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേർണിംഗ് ആന്റ് എക്സ്റ്റൻഷനിൽ നവംബർ 21ന് ആരംഭിക്കുന്ന 10 ദിവസം ദൈർഘ്യമുള്ള റൂറൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. പ്ലസ്ടു/പ്രീഡിഗ്രി യോഗ്യതയുള്ള ഈ രംഗത്തെ ഉദ്യോഗസ്ഥർ, ഗവേഷകർ, എൻ.ജി.ഒ. പ്രവർത്തകർ, സാമൂഹിക സേവകർ, ജനപ്രതിനിധികൾ, വിദ്യാർഥികൾ എന്നിവർക്ക് സർവകലാശാല കാമ്പസിലെ ഓഫീസിൽ നേരിട്ട് ഹാജരായി പ്രവേശനം നേടാം. വിശദവിവരത്തിന് ഫോൺ: 0481 - 2731560, 2731724, 9544981839.

### സുഭാഷ് പലേക്കർ 19ന് എം.ജി. സർവകലാശാലയിൽ

'സീറോ ബജറ്റ് പ്രകൃതി കൃഷി; സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ബയോസയൻസസും എൻ.എസ്.എസും സംഘടിപ്പിക്കുന്ന ശില്പശാല നവംബർ 19ന് നടക്കും. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് രണ്ടു മുതൽ അഞ്ചുവരെ നടക്കുന്ന ശില്പശാലയിൽ ചെലവില്ലാ കൃഷി രീതിയുടെ പ്രചാരകനായ സുഭാഷ് പലേക്കർ പങ്കെടുക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ശില്പശാല ഉദ്ഘാടനം ചെയ്യും.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ